ഉത്തരം

(എ) ഇതു സംബന്ധിച്ച് ശാസ്താംകോട്ട പോലീസ് ക്രൈം നമ്പർ 68/05യു/എസ്. 279, 338 ഐ.പി.സി. ആന്റ് 134 (എ) ഓഫ് എം.വി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും കൃത്യത്തിന് ഹേതുവായ കെ.ബി.ഇ-7167-ാം നമ്പർ ലോറി ബന്തവസ്സ് എടുത്ത് രജിസ്ട്രേഡ് ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതും എന്നാൽ രജിസ്ട്രേഡ് ഉടമയോ കൈവശക്കാരനോ റിക്കാർഡുകൾ സഹിതം ഹാജരായിട്ടില്ലാത്തതുകാരണം ടി വാഹനം ശാസ്താംകോട്ട ജെ.എഫ്.എം.സി.-ൽ ഹാജരാക്കിയിട്ടുള്ളതും ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശപ്രകാരം സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചുവരുന്നതുമാകുന്നു. ഈ കേസിൽ പ്രതിയായ ഷിബു എന്ന് വിളിക്കുന്ന ഷിഹാബുദ്ദീൻ എന്നയാൾ 25-6-2005-ൽ ജെ.എഫ്.എം.സി. ശാസ്താംകോട്ട കോടതിയിൽനിന്നും ജാമ്യത്തിൽ പോയിട്ടുള്ളതാണ്.

(ബി) ശാസ്താംകോട്ട പി.എസ്. ക്രൈം 68/05.

(സി) ഇല്ല. പ്രസ്തുത വാഹനത്തിന്റെ റിക്കാർഡുകൾ പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതായിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) മൊഴിയുടെ പകർപ്പ് 5-2-2005-ലും മഹസറിന്റെ പകർപ്പ് 21-7-2005-ലും വാദിക്ക് നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ നദീജല കരാർ

69 [2499] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. എം. മുരളി:
,, *കെ. എ. ചന്ദ്രൻ:*
,, *കെ. സി. ജോസഫ്:*
,, *ടി. എൻ. പ്രതാപൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജലം എന്തെല്ലാം കാര്യങ്ങൾക്ക് എവിടെയെല്ലാം ഉപയോഗിക്കാമെന്നാണ് കരാറിൽ വ്യവസ്ഥചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത ജലം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കരാർ വ്യവസ്ഥ അനുവദിക്കുന്നുണ്ടോ;

(സി) ഇതിനു മുൻപ് പ്രസ്തുത വെള്ളം ഉപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ നടത്തിയ ശ്രമം സംബന്ധിച്ച കേസിലെ വിധിയെന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ മുല്ലപ്പെരിയാർ ജലം ഉപയോഗിച്ച് തമിഴ്നാട് എത്ര പുതിയ ജലവൈദ്യുത പദ്ധതികൾ ഉണ്ടാക്കുവാൻ നടപടി എടുത്തിട്ടുണ്ട്;

(ഇ) ഇതിൽ കേരളത്തിന് എതിർപ്പുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജലകരാറിൽ മുല്ലപ്പെരിയാറിലെ ജലം ഡാമിൽ നിന്ന് തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് തിരിച്ചുവിട്ട് മധുര ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ജലസേചനം നടത്താനായിട്ടാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) 29-5-1970-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച പെരിയാർ ജല വൈദ്യുത അനുബന്ധകരാർ അനുസരിച്ച് തമിഴ്നാടിന് പെരിയാർ ജല സംഭരണിയിലെ വെള്ളമുപയോഗിച്ച് പെരിയാർ വൈദ്യുത നിലയത്തിൽ ഏതാവശ്യത്തിനുവേണ്ടിയും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) 1986-ലെ കരാർ പ്രകാരം നൽകിയ വെള്ളമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിക്കുന്നതിനുള്ള മദ്രാസ് സർക്കാരിന്റെ അവകാശം സംബന്ധിച്ച് തിരുവിതാംകൂർ, മദ്രാസ് സർക്കാരുകൾ തമ്മിൽ തർക്കം ഉടലെടുത്തപ്പോൾ, കരാറിലെ വ്യവസ്ഥപ്രകാരം ഈ തർക്കം ആർബിട്രേറ്റർമാർക്ക് വിട്ടു. ആർബിട്രേറ്റർമാർക്ക് ഒത്തുതീർപ്പിലെത്താൻ കഴിയാതിരുന്നതിനാൽ പ്രശ്നം അമ്പയർക്ക് വിടുകയും അമ്പയറുടെ 12-5-1941-ലെ അന്തിമ വിധി പ്രകാരം പാട്ടക്കാരന് ജലസേചനത്തിനും, ജലസേചനത്തിനുവേണ്ടി വൈദ്യുതി ഉൽപ്പാദിപ്പിക്കാനും മാത്രമേ അവകാശമുള്ളൂവെന്ന് തീർപ്പാക്കുകയും ചെയ്തു.

(ഡി) മുല്ലപ്പെരിയാർ ജലം ഉപയോഗിച്ച് തമിഴ്നാട് പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

എമിഗ്രേഷൻ ആക്ട് ഭേദഗതി

70 [2500] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് ജോലിക്ക് പോകുന്നതിന് എമിഗ്രേഷൻ വ്യവസ്ഥകളിൽ വന്ന മാറ്റങ്ങളും അതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള എമിഗ്രേഷൻ വ്യസ്ഥകളിലെ പഴുതുകൾ ഉപയോഗിച്ച് എമിഗ്രേഷൻ ആഫീസുകളിൽ വൻതോതിൽ കൈക്കൂലിയും അഴിമതിയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എമിഗ്രേഷൻ ആക്ടിലെ ഭേദഗതി പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സെൻട്രൽ മാൻ പവ്വർ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ രൂപീകരണം, ഇൻഡ്യൻ ഓവർസീസ് വർക്കേഴ്സ് വെൽഫയർ ഫണ്ട് സ്വരൂപിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാനായി എമിഗ്രേഷൻ (അമന്റ്മെന്റ്) ബിൽ, 2002

LIBRARY ARCHIVES Kerala Legislative Assembly